പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 206 **27-10-2026-ൽ മറുപടിയ്ക്ക്**

ഇ-മെയിൽ/ഓൺലൈൻ പോർട്ടലുകൾ വഴി ലഭിക്കുന്ന പരാതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കാരായി രാജൻ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകളിലും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും ഇ-മെയിൽ വഴിയും ഔദ്യോഗിക ഓൺലൈൻ പോർട്ടലുകൾ വഴിയും ലഭിക്കുന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകളിലും ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കും ഇ-മെയിൽ വഴിയും ഔദ്യോഗിക ഓൺലൈൻ പോർട്ടലുകൾ വഴിയും ലഭിക്കുന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ഇ-മെയിൽ മുഖേനയും ഔദ്യോഗിക ഓൺലൈൻ പോർട്ടലുകൾ വഴിയും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പരാതിയുടെ സ്വഭാവവും പരാതിക്കാരന്റെ പ്രദേശത്തെ അധികാരപരിധിയും പരിഗണിച്ച് തുടർ നടപടികൾക്കായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിലേക്കോ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലേക്കോ നിർദ്ദേശങ്ങളോടെ പരാതികൾ കൈമാറുകയും സ്വീകരിച്ച നടപടികളെക്കുറിച്ച് പരാതിക്കാരെ യഥാസമയം അറിയിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഇ-മെയിൽ/ഓൺലൈൻ പരാതികൾ കൈകാര്യം ചെയ്യേണ്ട രീതി സംബന്ധിച്ച് ഉത്തരവുകളോ സർക്കുലറുകളോ നിലവിൽ ഉണ്ടോ; വിശദമാക്കാമോ;

മറുപടി: ഓൺലൈൻ തുണ പോർട്ടൽ മുഖേന ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് പോലീസ് ആസ്ഥാനത്തെ 27.04.2022-ലെ നമ്പർ. എച്ച്-10-110440/2019/PHQ. പ്രകാരം 13/2022/PHQ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

(സി) തീർപ്പാക്കാത്തതിൽ കാലതാമസം വന്ന പരാതികളിൽ നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താൻ കഴിയാത്ത മുതിർന്ന പൗരന്മാർ, പ്രവാസികൾ, വനിതകൾ തുടങ്ങിയവരുടെ പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ;

മറുപടി: പോലീസ് സ്റ്റേഷനിൽ എത്താൻ കഴിയാത്ത മുതിർന്ന പൗരന്മാർ, പ്രവാസി കൾ, വനിതകൾ തുടങ്ങിയവരുടെ പരാതികൾ പരിഹരിക്കുന്നതിന് അതത് പോലീസ് സ്റ്റേഷനുകളിലെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) എല്ലാ പരാതികളും സമയബന്ധിതമായി പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: ലഭിക്കുന്ന എല്ലാ പരാതികളിലും സമയ ബന്ധിതമായി പരിശോധന നടത്തി, വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ അന്വേഷണം പൂർത്തിയാക്കി നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ